For Private Circulation Only
February 2021

# ആശമദൂതൻ

HOLY BIBLE

Vol.68 | No.2

" ധാന്യവും വീഞ്ഞുമുള്ള ദേശത്തു യിസ്രായേൽ നിർഭയമായും യാക്കോബിൻ ഉറവു തനിച്ചും വസിക്കുന്നു " (ആവർ. 33:28)

## ശാശ്വത ഭുജങ്ങൾ

By Charles H.Spurgeon

" ..... കീഴെ ശാശ്വത ഭുജങ്ങളുണ്ട്" (ആവർത്തനം. 33:27)

ഈ ചെറിയ വേദഭാഗം ഒരു സ്വർണ്ണ വാക്യത്തിന്റെ മദ്ധ്യത്തിലത്രേ ഉള്ളത്. ഇത് അനേക ആത്മിക മർമ്മങ്ങളുടെ ഉറവിടമാണ്. ഈ എല്ലാവിധമായ ആത്മിക ഉറവിടങ്ങളും ദൈവജനത്തിന്റെ അവകാശമാണ്. ഈ വാക്യം ആർക്കുവേണ്ടി ഉദ്ധരിക്കുന്നുവോ അവർക്കുവേണ്ടി മാത്രമല്ല എല്ലാ വിശ്വാസികൾക്കും വേണ്ടിയുള്ളതാണ്. കർത്താവായ യേശുക്രിസ്തുവിൽ നിങ്ങൽ ആശ്രയിക്കുന്നു എങ്കിൽ നിങ്ങളുടെ വീട്ടിൽ നിങ്ങൾക്കായി അതു കൈക്കൊള്ളണം, അവയിൽ ജീവിക്കണം, അവ നിങ്ങളുടെ ജീവിതത്തിൽ ഉന്മേഷവും സന്തോഷവും നൽകുയും ചെയ്യും.

ആവർത്തനം 33:26-29 വരെയുള്ള നാലു വാക്യങ്ങളിൽ ദൈവം തന്റെ ജനത്തിന് എത്ര സമീപസ്ഥനായിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. തന്റെ ശ്ക്തിയാൽ അവിടുന്ന് നമുക്കു മുകളിൽ തണലും ആശ്രവുമായിരിക്കുന്നു. " യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തുകൂടെ, തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു " (വാക്യം 26). വിശ്വാസം നമ്മുടെ തലയ്ക്കുമുകളിലൂള്ള സ്വർഗ്ഗീയ മഹിമകളും കാലൊച്ച നമ്മെ കേൾപ്പിക്കുമാറാക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവരായ നാം സുരക്ഷിതരാണ്. സ്വർഗ്ഗീയ സൈന്യമായ ദൈവത്തിന്റെ ദൂതന്മാർ മുകളിൽ നിന്നും നമ്മെ നോക്കുന്നു, തന്റെ സാന്നിദ്ധ്യം ആവശ്യമായിരിക്കുന്ന നമുക്കു വേണ്ടി തന്നെത്താൻ ബലവാനണെന്ന് കാണിപ്പാൻ നമുക്കുവേണ്ടി ജാഗരിക്കുന്നു. എന്നിട്ട് നമ്മോട് സംസാരിക്കുന്നു. വേദഭാഗം പറയുന്നത്, കീഴെ അവിടുത്തെ ഭുജങ്ങൾ. അടുത്ത വാക്യം നമ്മോട് പറയുന്നത് കീഴെ അവിടുത്തെ ഭുജങ്ങൾ. അടുത്ത വാക്യം നമ്മോട് പറയുന്നത്.... " അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്നും നീക്കിക്കളഞ്ഞു, സംഹരിക്ക എന്ന് കല്പിച്ചിരിക്കുന്നു" (വാ.27). ശേഷിക്കുന്ന വേദഭാഗം നമ്മോട് പറയുന്നത്, അവിടുന്ന് നമുക്കു ചുറ്റും നമുക്ക് സംരക്ഷണമായിരിക്കുന്നു; തന്റെ സാന്നിദ്ധ്യം കൊണ്ട് മാത്രമല്ല, ആകാശവും, ഭൂമിയും, എല്ലാ ആഴങ്ങളും തന്റെ ശക്തിയും മഹത്വവും അത്ഭുതസ്നേഹവും കൊണ്ട് നിറഞ്ഞിരിക്കുന്നു. അവിടുന്ന് മുകളിലുണ്ട്, കീഴെയുണ്ട്, മുന്നിൽ ഉണ്ട്, നമുക്കു ചുറ്റിലുമുണ്ട്. അവിടുന്ന് നമ്മെ ഉപേക്ഷിക്കുന്നില്ല. അവനിൽ നാം ജീവിക്കുന്നു, ചലിക്കുന്നു, എല്ലാറ്റിനും എല്ലാം ആയി കൂടെയിരിക്കുന്നു. കർത്താവിന്റെ ആ സാമീപ്യത്തിനായി കർത്താവിൽ നമുക്കു സന്തോഷിക്കാം.

### ദൈവം നമ്മോടുകൂടെയുണ്ട്.

ശാശ്വത ഭുജങ്ങൾ ഉണ്ട്. അതിന്റെ അർത്ഥം, ഒന്നാമതായി, ദൈവം നമുക്ക് സമീസ്ഥനായ്. തന്നിൽ ആശ്രയിക്കുന്നവരുടെ എല്ലാവരുടെയും സുരക്ഷ സംബന്ധിച്ച ഉറപ്പാണത്. ദൈവം നമ്മോടുകൂടെ എന്നത് നമ്മുടെ സന്തോഷവും ആശ്വാസവുമാണ്. ദൈവം ജീവിക്കുന്നു എന്നത്, നമ്മുടെ വിശ്വാസത്തിന് ശക്തി പകരുന്നു. കീഴെ ദൈവത്തിന്റെ കരമുണ്ട്. തന്നിൽ ആശ്രയിക്കുന്നവരെ ദൈവത്തിന് ഉപേക്ഷിപ്പാൻ കഴികയില്ല. നാം ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ, ദൈവത്തിൽ ആശ്രയിക്കുന്നു എങ്കിൽ, നാം പരാജയപ്പെടുവാൻ അവൻ സമ്മതിക്കയില്ല. ഇത് നമ്മുടെ കർത്താവിന്റെ മഹത്വമാണ്. അവിടുന്ന് നമ്മുടെ പ്രാർത്ഥന കേൾക്കുന്നു, നമ്മുടെ നിലവിളിക്ക് മറുപടി തരുന്നു, എന്നാൽ ജാതികളുടെ ദേവന്മാർ മിഥ്യാമൂർത്തികളത്രേ. അങ്ങനെ അല്ലെങ്കിൽ പരീക്ഷിച്ചു നോക്കൂ. കർത്താവിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാന്മാരാണ്, കാരണം, ഓരോ ദിവസവും അവൻ നമുക്കു സഹായവും മതിയായവനും ആയിരിക്കുന്നു.

### ദൈവം തന്റെ ഉദ്ദേശം നിറവേറ്റുന്നു

നമ്മുടെ വേദഭാഗം, ദൈവം തന്റെ ഉദ്ദേശമെല്ലാം നിവർത്തിക്കുന്നവനാണ് എന്നു കൂടെ വ്യക്തമാക്കുന്നു. ദൈവത്തിന്റെ കൈ ഉള്ളയിടത്ത് തന്റെ പ്രവർത്തിയും നടക്കുന്നു, അവിടുന്ന് പ്രവർത്തിക്കുന്നിടത്ത് തന്റെ കൃപയുടെ ലക്ഷ്യവും നിവർത്തിക്കുന്നു. വേദഭാഗം ശാശ്വത ഭുജങ്ങളെക്കുറിച്ച് സംസാരിക്കുന്നു. അത് ഒരിക്കലും പരാജയപ്പെടാത്ത ശക്തിയാണ്. ആ കരം അതിന്റെ ലക്ഷ്യം നിറവേറ്റും വരെ അടങ്ങിയിരിക്കയില്ല. പ്രിയ ദൈവപൈതലേ, നിനക്കു കാണാൻ കഴിയാത്ത ആഴങ്ങളിലും നിനക്കു കാണാൻ കഴിയാത്ത ശാശ്വതഭുജങ്ങൾ നിനക്കു വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. നിനക്കു വേണ്ടി ദൈവത്തിന്റെ കരങ്ങൾ ജാഗ്രതയോടിരിക്കുന്നു. തന്നെത്താൻ ബലവാൻ എന്ന് കാണിപ്പാൻ അവിടുന്ന് നിനക്കായ് ജീവിക്കുന്നു. ദൈവം തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി തന്റെ ഉദ്ദേശം നിവർത്തിച്ചു കൊണ്ട് നിത്യമായും ജീവിക്കുന്നു. നാം കാണുന്നതെല്ലാം മാറിപ്പോകും. ഈ പ്രപഞ്ചം കൂടെ ഇല്ലാതെയാകും . നാം ആശ്രയിക്കു

(ശേഷം 4-ാംപേജിൽ)

# കുഴിയിൽ നിന്നുള്ള പ്രാർത്ഥനകൾ

By. Kim Butts

കുറെനാളുകൾക്കു മുമ്പ് നിരാശയും പ്രയാസവുമേറിയ ഒരു ഘട്ടത്തിലൂടെ എന്റെ കുടുംബം കടന്നുപോയി. ഞാൻ വിചാരിക്കുന്നു, നിങ്ങളുടെ അങ്ങനെയുള്ള പ്രതിസന്ധികൾ നേരിട്ടിട്ടുള്ളവർ ആയിരിക്കാം. അങ്ങനെയെങ്കിൽ ഞാൻ സ്നേഹിച്ചവരും എനിക്കു ഭീഷണിയായി സന്തോഷത്തെയും സമാധാനത്തെയും സ്വസ്ഥതയെയും നഷ്ടപ്പെടുത്തുന്ന നിലയിൽ ആയിത്തീരുന്നു.

ഞാൻ അങ്ങനെ ഭാരപ്പെട്ടിരിക്കുമ്പോൾ എന്റെ ഒരു സ്നേഹിതൻ എന്നെ 40-ാം സങ്കീർത്തനത്തിലേയ്ക്ക് നയിച്ചു തന്നോടുകൂടെ ദൈവസന്നിധിയിൽ അല്പസമയം ഇരുന്നു. എത്ര അത്ഭുതകരമായ സമ്മാനം! ആദ്യത്തെ മൂന്നു വാക്യങ്ങളിലേയ്ക്ക് എന്റെ ശ്രദ്ധ തിരിച്ചു. അവിടെ ശ്രദ്ധേയമായി പല സമ്പത്തുകളും ഉറവിടങ്ങളും ഞാൻ കണ്ടു. അവിടെ നിന്നുള്ള ശ്രദ്ധേയമായ അനുഗ്രഹിക്കപ്പെട്ട ചില പ്രാർത്ഥനകൾ പങ്കുവയ്ക്കുവാനായി ആഗ്രഹിക്കുന്നു.

**ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരുന്നു** (സങ്കീ. 40:1)

കാത്തിരിക്കുന്ന പ്രാർത്ഥന. പിതാവേ, എന്റെ സങ്കടങ്ങളിൽ കഷ്ടങ്ങളിൽ, കുഴഞ്ഞുമറിയുന്ന പ്രശ്നങ്ങളിൽ അങ്ങയുടെ മാധുര്യവും ആശ്വാസമുള്ള സാന്നിദ്ധ്യം അനുഭവിക്കാൻ എന്നെ സഹായിക്കേണമേ. പ്രശ്നങ്ങളിൽ, കഷ്ടങ്ങളിൽ, രോഗങ്ങളിൽ മറുപടിക്കായി ഞാൻ കാത്തിരിക്കുന്നു. അവിടുത്തേയ്ക്കു മാത്രമേ എന്നെ സഹായിപ്പാനും, ആശ്വസിപ്പിപ്പാനും, സൗഖ്യമാക്കുവാനും കഴിയൂ. എന്റെ ഭാരങ്ങൾ ക്രൂശിന്റെ ചുവട്ടിൽ വച്ചിട്ട് ആശ്വാസം പ്രാപിപ്പാൻ എനിക്കു ശക്തി തരണമേ. എന്റെ ജീവിതത്തിൽ, മനസ്സിൽ, ഹൃദയത്തിൽ പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച്, ഞാൻ സ്നേഹിക്കുന്നവരിലും അവിടുത്തെ പ്രവർത്തി കാണുവാൻ സഹായിക്കേണമേ. എന്റെ അഹങ്കാരത്തെയും തന്നിഷ്ടത്തെയും വിട്ട് അടുത്തു വരുവാൻ സഹായിക്കേണമേ. ദൈവത്തിന്റെ വഴികളെ പഠിക്കാനുള്ള അവസരം എനിക്ക് തരേണമേ.

**കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും ദൈവത്തിന്റെ മറുപടി**

“ അവൻ എങ്കലേയ്ക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു ” (സങ്കീ. 40:1)

**എന്റെ പ്രാർത്ഥന** : അഖിലാണ്ഡത്തിന്റെ ഉടയവനായവൻ ചെവി ചായച്ച് എന്റെ അടുക്കലേയ്ക്ക് ഇറങ്ങി വരുന്നത് എത്ര അത്ഭുതം! എന്റെ പ്രാർത്ഥന കേട്ട് എന്നെ സഹായിപ്പാൻ ഇറങ്ങി വരുന്ന ദൈവത്തിന്റെ സ്നേഹം എത്ര വലിയത്. ഞാൻ ചിന്തിക്കുന്നതിനെക്കാൾ എത്ര യോ വലുതാണ് എന്റെ പ്രയാസമേറിയ ഘട്ടങ്ങളിലുള്ള ദൈവത്തിന്റെ കരുതലുകൾ. ചെവിചായ്ച്ച് കേട്ട് മറുപടി നൽകുന്ന ദൈവമേ നന്ദി, പിതാവേ നന്ദി. അങ്ങയുടെ പരിശുദ്ധനാമത്തെ ഞാൻ

(ശേഷം 5-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ടു എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ. ലോകത്തെ ജയിച്ചിരിക്കുന്നു ” (യോഹ. 16:33)

2021 വർഷത്തിന്റെ ജനുവരി മാസം നമ്മെ വിട്ട് കടന്നുപോയി. 20221 ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ലോകത്തിൽ ജീവിക്കുന്ന എല്ലാവർക്കും കഷ്ടതകളും വേദനകളും നേരിടേണ്ടി വരും. പ്രത്യേകിച്ച് ദൈവഭയത്തോടുകൂടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ വലിയ കഷ്ടം അനുഭവിക്കുന്നു എന്ന് നാം വ്യക്തമായി കാണുന്നു. ക്രിസ്തു നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയുന്നുവെങ്കിൽ നാം അനുഗ്രഹീതരാണ് കഷ്ടത അനുഭവിക്കുന്ന ദൈവത്തിന്റെ മക്കളെ അവരുടെ കഷ്ടതകളിൽ നിന്നും വിടുവിച്ച് സന്തോഷപ്രദമായ ഒരു ജീവിതം നൽകി അവരെ അനുഗ്രഹിക്കും. നാം ഈ ലോകം വിടുമ്പോൾ ഒന്നും കൊണ്ടുപോകാൻ സാധിക്കയുമില്ല. എന്തെല്ലാം കഷ്ടതകളും ശോധനകളും പീഢകളും നമ്മെ അലയടിച്ചാലും നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറയപ്പെടുകയും എല്ലാ സാഹചര്യങ്ങളെയും നിങ്ങൾ ശാന്തമായി നേരിടുകയും ചെയ്യുക. അതിന് ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ഞാൻ വരുവോളം വ്യാപാരം ചെയ്തു കൊൾവിൻ

By. A.B.Simpson

" ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്തായിരിക്കുന്നത്, ആർക്കറിയാം " (എസ്ഥേ. 4:14)

സദൃശ്യപരമായും പ്രവചനപരമായും ദാനിയേൽ നെഹെമ്യാവ്, എസ്രാ, എസ്ഥേർ എന്നീ പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇന്നത്തേയ്ക്കുള്ള ദൈവത്തിന്റെ അത്ഭുതകരമായ കരുതലുകളായും നിർദ്ദേശങ്ങളായിട്ടും കാണാൻ കഴിയും.

ദൈവം താൻ പ്രവർത്തിയിൽ വലിയവനാണ്, ഇന്നും നിസാരമായ കാര്യങ്ങളിലൂടെ വലിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. വില കുറഞ്ഞ ഉപകരണങ്ങളെക്കൊണ്ട് തന്റെ ഉദ്ദേശം നിവർത്തിച്ചുകൊണ്ടിരിക്കുന്നു. ബാബിലോണിലെ ഒരു അടിമയെ താൻ കരങ്ങളിലെടുത്തു. ദാനിയേൽ. ബാബിലോണിലെ മുഴു സാമ്രാജ്യത്തിനും ദൈവം തന്നെ ഉപയോഗിക്കുകയാണ്, യഹോവയായ ദൈവം നെബുഖദ്നേസർ രാജാവിന്റെ മുമ്പാകെ ദാനിയേലിനെ മാനിക്കുകയാണ്. ദാനിയേലിന്റെ വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥന യിസ്രായേലിന്റെ അടിമകളുടെ ഉദ്ധാരണത്തിനായിട്ടുള്ള കല്പന പുറപ്പെടുവിക്കുവാൻ കോരെശ് രാജാവിൽ ദൈവം പ്രവർത്തിച്ചു. ദാനിയേലും തന്റെ കൂടെയുള്ള താഴ്മയുള്ള ചില കൂട്ടുകാരുടെ പ്രവർത്തനത്താലും സെരുബ്ബാബേലിന്റെയും യോശുവയുടെയും നേതൃത്വത്തിൽ യെരുശലേം ദൈവലായത്തിന്റെ ഉദ്ധാരണത്തിനും കാരണമായി.

അതിന്റെ ശേഷം ദൈവം തെരഞ്ഞെടുത്ത സുന്ദരിയായ യിസ്രായേൽ പെൺകുട്ടിയെക്കൊണ്ട് അവളുടെ മുഴു സമൂഹത്തേയും ദുഷ്ടനായ ഹാമാന്റെ കയ്യിൽ നിന്നും വിടുവിക്കുവാൻ കാരണമായി. ഈ അന്ത്യകാലത്ത് എസ്ഥേറിന്റെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ ഏറെ പ്രയോജനമായിത്തീർന്നു കൊണ്ടിരിക്കുകയാണ്.

ഹാമാന്റെ ബുദ്ധിയാൽ ഉണ്ടായ വിളമ്പരം വഴി യിസ്രായേൽ ആയിരിക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യുവാൻ വേണ്ടി ഉപദേശിക്കുന്ന തന്റെ വളർത്തച്ഛനായ മൊർദ്ദെഖായിയുടെ വാക്കുകൾക്ക് ശ്രദ്ധ കൊടുത്ത് പ്രവർത്തിക്കുന്ന എസ്ഥേറിനെ കാണാം. സ്വന്തം ജീവനെ വകവയ്ക്കാതെ എഴുന്നേൽക്കുവാൻ തന്നെ ആഹ്വാനം ചെയ്യുന്ന മൊർദ്ദെഖായിയുടെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. " ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്തായിരിക്കുന്നത്, ആർക്കറിയാം.

അതു നമ്മെ പഠിപ്പിക്കുന്നത്, എസ്ഥേറിനെപ്പോലെ സാഹചര്യങ്ങളെ അതിജീവിച്ച് പ്രവർത്തിക്കുന്ന അധികാരവും ശക്തിയുമത്രേ ദൈവം നമ്മിൽ പകർന്നിരിക്കുന്നത്.

### നമ്മുടെ രാജ്യം

പ്രിയമുള്ളവരേ, നിങ്ങളുടെ വ്യക്തിത്വവും സൗന്ദര്യവും കഴിവുകളും, നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ബുദ്ധിവൈഭവങ്ങളും നിങ്ങളുടെ ദൈവത്തിനും, ദൈവജനത്തിനും ഉപയോഗപ്പെടേണ്ടതിനാണെന്ന് നിങ്ങൾ തിരിച്ചറിയന്നുണ്ടോ?

നമുക്കു ലഭിച്ചിരിക്കുന്ന സമൂഹത്തിലെ പദവിയും പരിസ്ഥിതികളും നമ്മുടെ രാജ്യത്തിന്റെ ഭാഗങ്ങളാണ്. ദൈവത്തിന്റെ പ്രവർത്തിയാൽ എസ്ഥേറിനെ രാജാവിന്റെ രാജ്ഞിയാക്കി. യിസ്രായേലിനെ മാത്രമല്ല ലോകത്തെ മുഴുവനും സ്വാധീനിക്കാനും കാരണമാക്കി. അതുപോലെ ദൈവം നമ്മുടെ ജീവിതത്തിൽ തന്നിരിക്കുന്ന സ്ഥാനമാനങ്ങൾ, ബന്ധങ്ങൾ, കൂട്ടുകാർ കുടുംബബന്ധങ്ങൾ,. ധനമോ, ക്ഷാമമോ, തന്റെ രാജ്യത്തിനുവേണ്ടി പ്രയോജനപ്പെടുവാനുള്ള അവസരങ്ങളായിരിക്കാം.

നാം ആയിരിക്കുന്നതല്ല, പിന്നെയോ, ദൈവം നമ്മെ ആക്കിയിരിക്കയാണ്. ചിലപ്പോൾ ഒരു താഴ്ചയുള്ള പദവിയായിരിക്കാം അത് ദൈവ

(ശേഷം 6-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(1-ാംപേജിന്റെ തുടർച്ച)

### ശാശ്വതഭുജങ്ങൾ

ന്ന ദൈവം മാറ്റമില്ലാത്തവനായി എന്നേയ്ക്കും ജീവിക്കുന്നു. അതുകൊണ്ട് പ്രിയ വിശ്വാസിയേ, നിങ്ങളോടു തന്നെ ഇങ്ങനെ പറയുക, എന്റെ ജീവിതത്തിൽ സംവിക്കുന്ന ഏതു കാര്യത്തിനും കീഴെ, മാറ്റമില്ലാത്ത ദൈവത്തിന്റെ ഉദ്ദേശമുണ്ട്, ദൈവം താൻ എനിക്കുവേണ്ടി പ്രവർത്തിക്കുന്നു.

### ദൈവം ദീർഘക്ഷമയുള്ളവൻ

വേദഭാഗം വീണ്ടും അർത്ഥമാക്കുന്നത്, തന്റെ മാറ്റമില്ലാത്ത ഉദ്ദേശത്തിലും, നിത്യമായ ശക്തിയിലും അവിടുത്തെ കരങ്ങൾ എപ്പോഴും നമുക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തന്റെ ദീർഘക്ഷമ, അതിന്റെ സമയം കാത്തുകൊണ്ടിരിക്കുന്നു. കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട് ദൈവം നമ്മെ കാവൽ ചെയ്യുമ്പോൾ, നമ്മുടെ ഭാരങ്ങളെ അവിടുന്ന് വഹിക്കുന്നു, സ്നേഹത്തോടെ നമ്മെ പോറ്റി പുലർത്തുന്നു അദൃശ്യമാണ്. എന്നാൽ പലപ്പോഴും നമുക്കുവേണ്ടി ജാഗരിക്കുന്നു. കാഴ്ചയാലല്ല വിശ്വാസത്താൽ നടക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?

അതെ, പരിശുദ്ധാത്മാവ് നിങ്ങളെ അങ്ങനെ നടത്തും? കേവലം നൈമിഷികങ്ങളായ ജാഗ്രതയോടെ കാവലോ അല്ല, പിന്നെയോ അവന്റെ പുത്രനായ യേശു നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാരങ്ങളും ചുമന്ന് നമ്മെ സുരക്ഷിതമായികാക്കുന്നു. ദൈവത്തിന്റെ ശാശ്വതമായ ഭുജങ്ങൾ ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിവർത്തിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളൊന്നും നിവർത്തിക്കപ്പെടാതെ പോകയില്ല, "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യ പുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിചെയ്തതു നിവർത്തിക്കാതിരിക്കുമോ" ? (നഹൂം 23:19). ദൈവം താൻ നമ്മെ കരം പിടിച്ച് ഉയർത്തും; കരം പിടിച്ച് നടത്തും കർത്താവ് അങ്ങനെ ചെയ്യും.

### കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട് എന്നത് വിശ്വാസികൾക്ക് വിലയേറിത്

### രോഗത്തിന്റെയും ക്ഷീണത്തിന്റെയും സമയങ്ങളിൽ

ഈ സമയങ്ങളിലൊന്നിൽ നാം രോഗിയോ ക്ഷീണിതനോ ആയിത്തീർന്നേയ്ക്കാം, ഒരു പക്ഷേ ബലഹീനനായി വീണേയ്ക്കാം, അറിയുക, കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. നിങ്ങൾ എഴുന്നേൽക്കാൻ ശ്രമിക്കുന്നു. എന്നാൽ കഴിയുന്നില്ല. ബലപ്പെടുവാൻ നോക്കുന്നു, പക്ഷേ വീണ്ടും പുറകിലേയ്ക്ക് വീഴുന്നു. അതെ, എന്നാൽ കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്. അവിടുന്ന് എപ്പോഴും വിശ്വസ്ഥനാണ്, ഭയമുള്ളവരാണ്. അവിടുത്തെ കരങ്ങൾ നമ്മെ താങ്ങുന്നു.

### പ്രശ്നങ്ങളുടെ സമയങ്ങളിൽ

ചില പ്രശ്നങ്ങളാൽ ഭാരത്തോടിരിക്കുമ്പോഴും ഭാരങ്ങളാൽ ക്ഷീണിച്ചിരിക്കുമ്പോഴും ദൈവവചനം നമുക്ക് മധുരമല്ലേ? ഇരട്ടി ശക്തി നിങ്ങൾക്ക് വേണം എന്ന് തോന്നുമ്പോൾ എനിക്ക് മുന്നോട്ടു പോകാൻ സാദ്ധ്യമല്ല എന്ന് നിങ്ങൾ ചിന്തിക്കമ്പോൾ, പ്രശ്നങ്ങൾ സഹിക്കാവുന്നതിലും അധികമാവുമ്പോൾ, തുടരെത്തുടരെ പ്രശ്നങ്ങൾ വരുമ്പോൾ, ഞാൻ എന്തു ചെയ്യും? ഞാൻ തള്ളപ്പെട്ടിരിക്കുന്നു. ആർക്കും വേണ്ടാതെ എറിയപ്പെട്ടിരിക്കുന്നു, ആളുകൾ എന്റെ തലയ്ക്കുമീതെ കയറി ഓടുന്നു, ഒരു പാഴ്വസ്തു പോലെ ഞാൻ തെരുവിൽ എറിയപ്പെട്ടിരിക്കുന്നു, അതെ ഇപ്പോഴും കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്.

ദൈവത്തിന്റെ ജനം തങ്ങളുടെ അനുഭവങ്ങളിലൂടെ വിളിച്ചു ചോദിക്കുന്നു, അവരുടെ ജീവിതത്തിലൂടെ അവർ ചോദിക്കുന്നു, ദൈവം സത്യമല്ലേ? നിങ്ങളും മനസിലാക്കൂ ദൈവം സത്യമാണ്. ദൈവത്തിന്റെ വിശുദ്ധന്മാർ അവരുടെ കഷ്ടതയിലും സന്തോഷിക്കുന്നു. സന്തോഷമായിരിപ്പാൻ കഴിയാത്ത സാഹചര്യങ്ങളിലും അവർ സന്തോഷിക്കുന്നു. ജയിലറകളിൽ പോലും അവർ സന്തോഷത്തോടെ പാടുന്നു. സന്തോഷമില്ലാത്ത സാഹചര്യങ്ങളിൽ പോലും വിശ്വാസികൾ സന്തോഷത്തോടെ പാട്ടുപാടുന്നു. അതെ, കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്.

### വാർദ്ധക്യ കാലങ്ങളിൽ

വാർദ്ധക്യത്തിന്റെ ആഴങ്ങളിലേക്ക് നാം ഇറങ്ങിചെല്ലുമ്പോൾ, നാം ചിന്തിക്കുന്നു, എന്തായിരിക്കും അതിനടിയിൽ? എന്നാൽ കഴിഞ്ഞ ഏതു കാലത്തെക്കാളുമുപരി, നാം കടന്നുപോയ ഏതു വഴികളെക്കാളുമുപരി നമ്മുടെ യൗവ്വനത്തെ പുതുക്കി ദൈവം നമ്മെ നടത്തുകയാണ്. അതെ, കീഴെ ശാശ്വതഭുജങ്ങളുണ്ട്. മാത്രമല്ല, പ്രിയനോടുകൂടെ നിത്യമായി വാഴുകയും ചെയ്യും.

### ആത്മിക വളർച്ചയുടെ സമയങ്ങളിൽ

നാം എഴുന്നേറ്റ് കർത്താവിന്റെ സേവചെയ്യാൻ പോകുന്നതുപോലെ തന്നെ അവിടെ കൈപിടിച്ച് നടത്തിയ ദൈവം തന്നെ, ആഴങ്ങളിലും, അഥവാ, നമ്മുടെ ജീവിതത്തിന്റെ താഴ്വരകളിലും നമ്മെ കൈതന്ന് നടത്തുന്നു. ജീവിതത്തിൽ കൂടുതൽ വിശുദ്ധി ആഗ്രഹിക്കുന്നു എങ്കിൽ ആ ലക്ഷ്യത്തിലേയ്ക്ക് ഉറച്ച് ഉറ്റുനോക്കുക. പറക്കാനുള്ള നിങ്ങളുടെ ആഗ്രഹത്തെ ദൈവം അംഗീകരിക്കുമ്പോൾ ചിറകുകൾ മുളച്ചു വരും. കൃപയുടെ സാദ്ധ്യതകൾ പരിധിയില്ലാത്തതാണ്; നിങ്ങളെത്തന്നെ വിടുക. ക്ഷീണിച്ചു കുഴഞ്ഞു പോകരുത്. ദൈവം നിങ്ങളെ ഒരു ദാവീദാക്കി മാറ്റും! നിങ്ങൾ ഒരു ദാവീദ് ആയിരിക്കുമ്പോൾ ദൈവം നിങ്ങളെ, കർത്താവിന്റെ ഒരു ദൂതനാക്കി മാറ്റും!

### മരണ സമയത്ത്

ഒരിക്കൽ കൂടെ, ആ സമയം വരും, നിങ്ങളുടെ പാദങ്ങൾക്കു കീഴിലും ഇതെല്ലാം ഉരുകി മാറും. ലോകത്തിലെ ആശ്വാസങ്ങളെല്ലാം പരാജയപ്പെടും, സ്നേഹിതർക്ക് നിങ്ങളെ സഹായിപ്പാൻ കഴിയാതെ വരും. ഒരു തുള്ളി വെള്ളം കൊണ്ട് നിങ്ങളുടെ കണ്ണും പുരികവും അതിന്റെ മധുരവും അവർ തുടച്ചെടുക്കും. നിങ്ങളുടെ യാത്രയിൽ നിങ്ങളോടൊപ്പം തീരമണയുവാൻ അവർക്ക് കഴിയുകയില്ല. ഹൃദയവും മാംസവും പരാജയപ്പെടും. അപ്പോഴും ആ മാധുര്യമേറിയ ആ വചനം നാം ശ്രദ്ധിക്കും. കീഴെ ശാശ്വതഭുജങ്ങളുണ്ട്. ജഡം ഇവിടെ നശിക്കും എന്നാൽ ആത്മാവിൽ നാം ഉയിർക്കും. കീഴെ മരിക്കുന്ന വിശുദ്ധന്മാർ, ജീവിക്കുന്ന ദൈവവും. ഭയപ്പെടേണ്ട, മരണം വിശ്വാസിക്കു നേടണമത്രേ (ഫിലി. 1:21). ഒരു ശവസംസ്കാരവേളയിൽ, ഒരു ഭക്തന്റെ ശരീരം ശവക്കല്ലറയിൽ വയ്ക്കു

( (ശേഷം 8-ാം പേജിൽ )

(2-ാംപേജിന്റെ തുടർച്ച)

## കുഴിയിൽ നിന്നുള്ള പ്രാർത്ഥനകൾ

വിളിച്ചപേക്ഷിക്കുമ്പോൾ ശ്രദ്ധിച്ച് കേട്ട് നറുപടി നൽകുന്ന ദൈവമേ നന്ദി.

**" നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി ".** (സങ്കീ. 40:2)

**എന്റെ പ്രാർത്ഥന**: സ്നേഹമുള്ള യേശുവേ, സഹായത്തിനായുള്ള എന്റെ നിലവിളി അവിടുന്ന് കേട്ടു എന്നു മാത്രമല്ല, നാശകരമായ കുഴിയിൽ നിന്നു അവിടുന്ന് എന്നെ കരകയറ്റി, നാശകരമായ കുഴിയിലും കുഴഞ്ഞ ചേറ്റിലും ഞാൻ കിടന്നപ്പോൾ നിലവിളികേട്ട് എനിക്ക് പ്രത്യാശയും, ആശ്വാസവും, വെളിച്ചവും പകർന്നു തന്നല്ലോ. അവിടുന്ന് അക്ഷരീകമായി തന്നെ കുഴിയിൽ നിന്നും കയറ്റി നാശത്തിൽ നിന്നും ശത്രുവിന്റെ കയ്യിൽ നിന്നും എന്നെ വിടുവിച്ചല്ലോ.

" എന്റെ കാലുകളെ പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി" (സങ്കീ. 40:32). എന്റെ പ്രാർത്ഥന: കൃപയുള്ളപിതാവേ, നാശകരമായ കുഴിയിൽ നിന്നും അവിടുന്ന് എന്നെ കയറ്റി, ഉറപ്പുള്ള പ്രദേശത്ത് ഇടറുമാറാകാതെ എന്നെ നടക്കുമാറാക്കി. എനിക്ക് ഒരു ഉറച്ച അടിത്തറ ആവശ്യമാണെന്ന് അവിടുന്ന് കണ്ടു. സുരക്ഷിതമായി നടന്നു. ദൈവം എത്ര വലിയവനാണ് എന്ന് കണ്ട് നൃത്തം ചെയ്യുവാനും നന്ദിയർപ്പിക്കുവാനും ഒരിക്കൽ കൂടെ ഇടയായല്ലോ. ഉറപ്പോടെ അവിടുന്ന് എന്നെ നിർത്തിയല്ലോ. ഞാൻ വീണുപോകും എന്ന് ഭയപ്പെട്ട് എന്റെ സമ്മർദ്ദം വലുതായിരുന്നു. കൊടുങ്കാറ്റ് ഭീകരമായിരുന്നു. എന്റെ ശത്രുക്കളുടെ മുമ്പിൽ ഞാൻ ലജ്ജിച്ചു പോകാതെ പരീക്ഷകളിൽ ഞാൻ തോറ്റുപോകാതെ അവിടുത്തെ കരം നീട്ടി എന്നെ രക്ഷിച്ചല്ലോ. പാറമേൽ എന്നെ നിറുത്തി, ആ പാറ ക്രിസ്തുവായിരുന്നു.

**അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു; നമ്മുടെ ദൈവത്തിന് സ്തുതി തന്നെ** (സങ്കീ. 40:3)

പരിശുദ്ധാത്മാവേ, എന്നെ രക്ഷിച്ച് എന്റെ വായിൽ മഹത്വത്തിന്റെ ദൈവത്തിന് സ്തുതിപാടുവാൻ കഴിയുന്നതുവരെ എന്റെ സന്തോഷവും സമാധാനവുമെല്ലാം നഷ്ടപ്പെട്ടവനായിരുന്നു. എന്റെ കഷ്ടതകളിലും പ്രയാസങ്ങളിലും എന്നെ രക്ഷിച്ച് ഒരിക്കൽ കൂടെ അങ്ങയെ സ്തുതിക്കുവാൻ എന്റെ സന്തോഷത്തെയും എന്റെ സമാധാനത്തെയും എന്റെ ജീവനെയും തന്നെ മടക്കിതന്നിരിക്കുന്നു. പരിശുദ്ധനായവങ്കലേയ്ക്ക് ഉറ്റുനോക്കുവാൻ അവിടുന്ന് ഒരിക്കൽ കൂടെ എന്നെ പഠിപ്പിച്ചിരിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ എങ്ങനെ സന്തോഷിപ്പാൻ കഴിയും എന്ന് അവിടുന്ന് എന്നെ പഠിപ്പിച്ചിരിക്കുന്നു. നിമിഷങ്ങൾതോറും പുതിയ പാട്ടുകൾ പാടുവാൻ സഹായിക്കേണമേ. രാജാധിരാജാവിനെ ആരാധിപ്പാനുള്ള ആഗ്രഹവും എപ്പോഴും തരേണമേ. ശത്രുക്കളെ പരാജയപ്പെടുത്തുന്ന ദൈവവചനം എന്ന വാൾ ധരിപ്പാൻ സഹായിക്കേണമേ. രക്ഷിച്ച ദൈവത്തെ അവിടുത്തെ വചനങ്ങളോടു കൂടെ നിത്യം പാടുവാൻ സഹായിക്കേണമേ.

സകല പ്രശംസയ്ക്കും മഹത്വത്തിനും മീതെ ഉയർന്നിരിക്കുന്ന നിന്റെ മഹത്വമുള്ള നാമം വാഴ്ത്തപ്പെടുമാറാകട്ടെ. നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു. ആകാശത്തിലെ സൈന്യം നിന്നെ സ്തുതിക്കുന്നു (നെഹ. 9:5,6).

എന്തുകൊണ്ട് ദൈവ ഇങ്ങനെയൊക്കെയും ചെയ്യുന്നു.

" പലരും അതുകണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിച്ചു" (സങ്കീ. 40:8)

ഇങ്ങനെയുള്ള സാഹചര്യങ്ങളിലൂടെ നടന്നിട്ടും, ദൈവം വിജയകരമായി നടത്തുന്നതുകാണുമ്പോൾ അനേകർക്ക് അത് കണ്ട് ഭയപ്പെട്ട് ദൈവത്തിൽ ആശ്രയിപ്പാനിടയാകും. ഇങ്ങനെയുള്ള ദൈവത്തിൽ ആശ്രയിപ്പാൻ അവരും ആഗ്രഹിക്കുകയാണ്. (1തെസ്സ, 5:16-18-ൽ പറയുന്നത്, " എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ് വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തേശുവിൽ ദൈവേഷ്ടം ". കഷ്ടങ്ങളും സങ്കടങ്ങളും വരുമ്പോൾ നിങ്ങൾ സന്തോഷവും സമാധാനവുമുള്ളവരായിരിക്കും എന്ന് വചനം പറയുന്നില്ല, എന്നാൽ കഷ്ടങ്ങൾ വരുമ്പോൾ നാം സന്തോഷിക്കണം എന്നാണ് പറയുന്നത്.

പിന്നെ എന്താണ് നാം ചെയ്യേണ്ടത്. നമ്മുടെ ആശയറ്റ ഇരുളടഞ്ഞ ഹൃദയങ്ങളെ ദൈവമുമ്പാകെ പകരുന്നു എങ്കിൽ, നാം വിശ്വാസത്തോടെ അടുത്തുചെല്ലുമെങ്കിൽ, അവിടുന്ന് ചെവി ചായ്ച്ച് കേട്ട് കുഴിയിൽ നിന്നും കയറ്റി, നമ്മുടെ കാലുകളെ ഉറപ്പുള്ളപാറമേൽ ഉറപ്പിച്ച് വിജയകരമായി നമ്മെ നടത്തുന്ന നന്മയും ദൈവശക്തിയും കാണുമ്പോൾ അനേകർ ദൈവത്തിലാശ്രയിപ്പാനിടയാകും.

ദൈവം താൻ നമ്മിലൂടെ മഹത്വപ്പെടേണ്ടതിന് നമ്മുടെ ഊഷരഭൂമിയായ സാഹചര്യങ്ങളെ അനുഗ്രഹിച്ച് വർദ്ധിക്കുവാനിടയാകും. കുഴയിൽ നിന്നുള്ള നിങ്ങളുടെ പ്രാർത്ഥന, അനേകരെ കുഴിയിൽ നിന്നും കര കയറ്റുവാനിടവാരും. കഷ്ടതകൾ വരുമ്പോൾ ഉറച്ചു നില്ക്കുക, ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരിക്കുക. നിങ്ങളുടെ പരിശോധനാഘട്ടങ്ങളിൽ തന്റെ മഹത്വം നമ്മിൽ വെളിപ്പെടുത്തുവാൻ അവിടുന്ന് കാത്തിരിക്കുകയാണ്. അവിടുന്ന് ചെവി ചായ്ച്ച് ഇറങ്ങി വരേണ്ടതിന് പ്രാർത്ഥിക്കാം. അവിടുന്ന് തന്റെ കരം നമുക്കുവേണ്ടി തന്റെ മഹത്വം വെളിപ്പെടുത്തുന്നു. എന്നിട്ട് തന്റെ വിടുതലുകളെ ഒരു രഹസ്യമാക്കി വെച്ചേക്കരുത്. സ്തുതിയും മഹത്വും ദർശിക്കാം. അനേകർ ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും. ❖

## ഈ ദുഷ്കാലത്തിന് കോവിഡ് -19 ന്റെ പരിഹാരം ഒരേ ഒരു വഴി

"കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ. .... സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് ...പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരതകാണിപ്പിൻ". ❖

(3-ാംപേജിന്റെ തുടർച്ച)

**ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ**

ത്തിന്റെ പ്രവർത്തിയുടെ ഒരു ഭാഗമാണ്. നിസാരമായ ഉപകരണങ്ങളിലൂടെ ദൈവം വൻകാര്യങ്ങളെ ചെയ്യുന്നു.

നയമാന്റെ വീട്ടിലെ ഒരു ചെറിയ പെൺകുട്ടിയെ കൊണ്ട് ദൈവം വൻകാര്യങ്ങൾ ചെയ്യുകയാണ്. അടുക്കളയിലോ കാരാഗൃഹത്തിലോ ആയിരുന്ന യോസേഫിനെ ദൈവം സിംഹാസനത്തിലേയ്ക്കുയർത്തുകയാണ്.

അതുകൊണ്ട് ദൈവം നമ്മെ ആക്കിയിരിക്കുന്ന ഓരോ സ്ഥാനത്തും ജീവിതത്തിലെ ഏതു പരിസ്ഥിതിയും ദൈവപ്രവർത്തിയുടെ അവസരങ്ങളായി കാണുകയും അതിനെ ദൈവത്തെ അധികം സേവിക്കാനും മഹത്വപ്പെടുത്തുവാനുമുള്ള അവസരങ്ങളായി നാം കാണേണ്ടതാണ്.

നിങ്ങൾ ഒരു കുടുംബവലയത്തിനകത്താണോ? നിങ്ങളുടെ ചുറ്റുമുള്ളവർക്കു നിങ്ങൾ ഒരു അനുഗ്രഹമായിരിക്കണം. നിങ്ങൾക്ക് ദൈവം ധനം തന്നിരിക്കുന്നുവോ? നിങ്ങളുടെ പണം നിങ്ങളുടെ സ്വന്തമല്ല. അത് ദൈവത്തിന് ചെലവിടേണ്ടതാണ്. നിങ്ങൾ ഒരു ബിസിനസ്കാരനാണോ? അതിനെ വലുതാക്കുവാൻ വേണ്ടി മാത്രമല്ല നിങ്ങൾ ശ്രമിക്കേണ്ടത്, ദൈവത്തെ മഹത്വപ്പെടുത്തുവാനും നിങ്ങളുടെ കൂടെയുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കയും ചെയ്യേണ്ടതാണ്.

നിങ്ങൾ ഒരു ഫാക്ടറി ജീവനക്കാരനാണോ? മറ്റാരുടെയോ രക്ഷയ്ക്കുവേണ്ടിയായിരിക്കാം നിങ്ങൾ അവിടെയായിരിക്കുന്നത്, അല്ലെങ്കിൽ അവിടെ നിങ്ങളെ കളിയാക്കുന്ന ചിലരുടെ മുമ്പിൽ ദൈവത്തെ ഉയർത്തുവാനായിരിക്കാം നിങ്ങൾ അവിടെ ആയിരിക്കുന്നത്.

നിങ്ങൾക്ക് പ്രതികൂലവും ജാതികളുമായ ആളുകളാലാണോ നിങ്ങൾ ചുറ്റപ്പെട്ടിരിക്കുന്നത്? വേദപുസ്തകം ഒരിക്കൽപോലും വായിച്ചിട്ടില്ലാത്തവർക്ക് നിങ്ങളുടെ ജീവിതമാകുന്ന പുസ്തകത്തിന്റെ വാല്യങ്ങൾ വായിക്കുവാനിടയായിത്തീരും.

നിങ്ങളുടെ സാഹചര്യങ്ങളെ ദൈവത്തിന് പ്രയോജനപ്പെടുത്തുവാൻ ദൈവമായ കർത്താവ് നിങ്ങളെ സഹായിക്കട്ടെ.

**നിങ്ങളുടെ ആത്മീയ അനുഭവങ്ങൾ നിലനിൽക്കുന്ന ഒരു ആത്മിക രാജ്യം കെട്ടിപ്പടുക്കുന്നു.**

നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് മറ്റനേകർക്ക് കാവൽക്കാരായിരിക്കേണ്ടതിനാണ്. നിങ്ങളുടെ ആത്മീയ ജീവിതത്തിൽ നിങ്ങൾ കടന്നുപോയ വഴികൾ വ്യത്യസ്തമായിരിക്കാം. ആ അനുഭവങ്ങൾ മറ്റുള്ളവരോട് പറയുമ്പോൾ, അവരുടെ ഹൃദയം രൂപാന്തരപ്പെടും, ആശ്വാസം പ്രാപിക്കും. നിയന്ത്രിക്കപ്പെടുവാനിടയായിത്തീരും. ദൈവവചനത്തിന്റെ വഴികളിലൂടെയുള്ള നിങ്ങളുടെ വഴിയാത്രകൾ അതേ വഴിയിൽ നടക്കുവാൻ അനേകർക്ക് പ്രലോഭനമാകും.

നിങ്ങൾ കഷ്ടതയിലാണോ? ദൈവം നിങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ട് നിങ്ങൾ ഏതൊരു കഷ്ടങ്ങളിലും ഉള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാക്കേണ്ടതിന് നിങ്ങൾക്കുള്ള കഷ്ടങ്ങളിലൊക്കെയും അവൻ നിങ്ങളെ ആശ്വസിപ്പിക്കുന്നു. നിങ്ങൾ സന്തോഷമുള്ളവരാണോ? അത് മറ്റുള്ള ഹൃദയങ്ങളിലേക്ക് പകർന്നു കൊടുക്കുമ്പോൾ അവരും സന്തോഷിപ്പാൻ ഇടയായിത്തീരും. നിങ്ങൾ അനുഗ്രഹിക്കപ്പെട്ടും ബലപ്പെട്ടും ഇരിക്കുന്നുവോ? നിങ്ങളുടെ സഹോദരന്മാരെ സഹായിപ്പാൻ എഴുന്നേറ്റ് അവരുടെ അടുക്കലേയ്ക്ക് പോക.

**നിങ്ങളുടെ ആത്മിക നിലവാരവും പദവികളും ദൈവരാജ്യത്തിന്റെ നിലവാരങ്ങളും ഉയർത്തുവാൻ ഇടയാകുന്നു.**

" ദൈവം നമുക്കു തന്റെ വിലയേറിയതും അതി മഹത്തുമായ വാഗ്ദത്തങ്ങളെ തന്നിരിക്കുന്നു". ദൈവത്തിന്റെ രാജ്യം എത്ര വിശുദ്ധമാണ്. തന്നെ സേവിക്കുന്നവർക്ക് ദൈവം അത് കൊടുക്കുന്നു. നിങ്ങൾ അങ്ങനെ ചെയ്യുന്നുണ്ടോ? ദൈവനാമത്തിന്റെ മഹത്വത്തിനും അവിടുത്തെ രാജ്യത്തിന്റെ പണിക്കുമായി നാം അത് ഉപയോഗിക്കുന്നുവോ? അബ്രഹാമിനെപ്പോലെ ഉറച്ചവിശ്വാസമുള്ളവരായി നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നുവോ?

ദൈവം നിങ്ങൾക്ക് തന്റെ ശക്തിയുള്ള വചനം തന്നിരിക്കുന്നു. അത് ദൈവത്തിന്റെ ശക്തിയായ, സുവിശേഷമാണ്. സത്യത്തിന്റെ സാമ്രാജ്യം എത്ര മഹത്വകരമാണ്. എത്ര ശ്രേഷ്ഠമായിട്ടാണ് അത് മനുഷ്യഹൃദയങ്ങളെ മുറിവേല്പിക്കയും സൗഖ്യമാക്കുകയും ചെയ്യുന്നു. വിശുദ്ധീകരിക്കയും, ഉത്തേജിപ്പിക്കയും മഹിമപ്പെടുത്തുകയും ചലിക്കുകയും മനുഷ്യസമൂഹത്തിൽ പരിവർത്തനങ്ങളുണ്ടാക്കുകയും ചെയ്യുന്ന സുവിശേഷത്തിന്റെ ശക്തി ശ്രേഷ്ഠമേറിയതാണ്. സുവിശേഷത്തിന്റെ ഘോഷണത്തിനും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കും വേണ്ടി ഈ ശക്തി നാം ഉപയോഗിക്കാറുണ്ടോ?

ഒരു ജഡശരീരത്തിൽ വസിക്കുവാൻ കഴിയുന്ന പരിശുദ്ധാത്മാവിന്റെ ശക്തി, നമുക്ക് അവകാശമാക്കാൻ കഴിയുന്ന സർവ്വശക്തി നമ്മിൽ പ്രവർത്തിക്കുന്നതായ ദൈവശക്തിയായ പരിശുദ്ധാത്മാവിനെ ദൈവം നമുക്ക് തന്നിരിക്കുന്നു. നിങ്ങൾ ആ ശക്തിയെ ഉപയോഗിക്കുന്നുണ്ടോ? അവിടുത്തെ സാന്നിദ്ധ്യത്തിന് നിങ്ങളെത്തന്നേ സമർപ്പിച്ചിട്ടുണ്ടോ? ദൈവസേവയ്ക്കായുള്ള ആ ശക്തിയിൽ നാം സ്നാനപ്പെട്ടിട്ടുണ്ടോ? പെന്തെക്കോസ്തിന്റെ വരദാനമായ ആ ദൈവശക്തി നമ്മിൽ പ്രവർത്തിപ്പാനായി അനുവദിച്ചിട്ടുണ്ടോ? (ലൂക്കോ. 24:49, അ.പ്ര.1:8).

ദൈവം നമുക്ക് പ്രാർത്ഥിപ്പാനുള്ള ശക്തിയെ തന്നിരിക്കുന്നു. ദൈവത്തിന്റെ കരം, അതു കരങ്ങളെ ചലിപ്പിക്കുന്നു, അത് എല്ലാറ്റെയും സൂചിപ്പിക്കുന്നു. അതെ, വിശ്വാസത്തോടെയുള്ള പ്രാർത്ഥന സ്വർഗ്ഗത്തെ തുറക്കുമാറാക്കുന്നു, അതു ഹൃദയങ്ങളെ അനുഗ്രഹിക്കുന്നു, സാത്താന്റെ ശക്തിയെ കീഴ്പ്പെടുത്തുന്നു, രക്ഷ സാദ്ധ്യമാക്കുന്നു, അത് നമ്മുടെ സകല ബലഹീനതകളെയും മാറ്റുവാൻ ശക്തിയുള്ളതാണ്. മാനുഷിക കരങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമുള്ളതല്ല! എത്ര ശ്രേഷ്ഠമായ അധികാരം അവിടുന്നു നമുക്ക് നൽകിയിരിക്കുന്നു.

അടുത്തതായി, ഇനി എന്ത്? അവിടുത്തെ വരവിന്റെ പ്രത്യാശ, അവിടുത്തെ മഹത്വത്തിന്റെ അവകാശം, നാം കർത്താവിനോടുകൂടെ വാഴും എന്ന പ്രത്യാശ. നിശ്ചയമായും ഒരു രാജാവിന്റെ മക്കളായി നാം നടക്കും. യഥാർത്ഥ വിശ്വാസത്തോടും ധൈര്യത്തോടും നടക്കും,

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ**

വിശുദ്ധമായ ഒരു പ്രകാശനത്തോടും മാന്യതയോടും കൂടെ നാം ദൈവത്തിന് സ്ഥാനപതികളായിരിക്കും (1കൊരി. 5:20).

പത്തു റാത്തതൽ വെള്ളിയെ സംബന്ധിച്ചുള്ള ഉപമയിൽ ഈ അദ്ധ്യായത്തിന്റെ മഹത്വം കാണാം. അതു നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ രാജാവ് നമ്മെ ഓർമ്മിച്ച് വ്യാപാരം ചെയ്യുവാൻ ഒരു നന്മ നമുക്ക് തന്നിട്ടുണ്ട്. " ഞാൻ വരുംവരെ വ്യാപാരം ചെയ്തുകൊൾവിൻ" (ലൂക്കൊ. 19:13). കൂടുതലായിട്ടോ കുറവായിട്ടോ നമുക്ക് സമ്പാദിക്കാം, വിശ്വാസത്തോടും ബുദ്ധിയോടും വ്യാപാരം ചെയ്യുവാൻ കഴിയും, മടിയന്മാരായിരിപ്പാനും ഇവിടെ സ്വാതന്ത്ര്യമുണ്ട്.

നമുക്ക് ഓരോരുത്തർക്കും ഉള്ള അവസരം തുല്യമാണ്. വ്യത്യസ്ത ജീവിതങ്ങൾക്ക് വ്യത്യസ്തമാണ് പ്രതികരണങ്ങൾ. കൂടുതൽ കിട്ടിയവൻ കൂടുതൽ വിശ്വസ്തരായിരിക്കുന്നു (മത്താ.യ 25:14-30; ലൂക്കൊ. 19:11-27).

യജമാനൻ വരുമ്പോൾ അവരുടെ വിശ്വസ്തയ്ക്കനുസിച്ച് പ്രതിഫലം കൊടുക്കേണ്ടതിന് ഓരോരുത്തരും വിളിക്കപ്പെടുകയാണ് എന്ന പ്രതികരണമാണ് യജമാനൻ പ്രതീക്ഷിക്കുന്നത്. "കൂടുതൽ കിട്ടിയവൻ കൂടുതൽ കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്" (ലൂക്കൊ. 12:48; റോമർ. 14:12).

**കൃപയുടെ അത്യന്ത ധനം**

തന്റെ കൃപയുടെ അത്യന്ത ധനത്തിൽ നിന്നും തീർന്നുപോകാത്ത തന്റെ സമ്പത്തിൽ നിന്നും ഉള്ള നിറവുകൾ കൂടാതെ ആരും സൗജന്യമായി സേവചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം ദൈവത്തിൽ ആശ്രയിക്കുന്നു എങ്കിൽ നാം നമ്മെക്കുറിച്ച് വിചാരപ്പെടുവാൻ ആവശ്യം ഇല്ല; അവിടുന്ന് എല്ലാ നിറവുകളും നമുക്ക് പകർന്നു തന്നിരിക്കുന്നു; സ്വന്ത ചെലവിൽ സേവചെയ്യുവാൻ അവിടുന്ന് പറഞ്ഞയച്ചിട്ടില്ല. എല്ലാം ധാരാളമായി പകർന്നു തരുവാൻ അവിടുന്ന് ശക്തനായിരിക്കുന്നു. അതുകൊണ്ട് നാം എപ്പോഴും എല്ലാറ്റിലും തൃപ്തരായിരിക്കുന്നു. എല്ലാ സൽപ്രവൃത്തികളിലും (2കൊരി. 9:6-8).

നമ്മുടെ രാജാവിന്റെ സർവ്വായുധവർഗ്ഗം ധരിച്ച്, അവിടുത്തെ തീർന്നു പോകാത്ത ശക്തിയെധരിച്ച്, അവിടുത്തെ വരവിന്റെ പ്രത്യാശയോടെ വൻകാര്യങ്ങളെ ദൈവത്തിനായി ചെയ്യാൻ ശ്രമിച്ച്, ദൈവത്തിൽ നിന്നും വൻകാര്യങ്ങളെ പ്രതീക്ഷിച്ച് മുന്നോട്ട് പോകാമോ?

പ്രീയരേ, ദൈവം നമുക്ക് ഉന്നതമായൊരു സ്ഥലം തന്നിരിക്കുന്നു എന്ന് വിശ്വസിക്കാൻ കഴിയുമോ? എസ്ഥേറിന് വേണ്ടിപോലും സഭ രാജാധിരാജാവിന്റെ കാന്തയാണ്. ഒന്നുമില്ലായ്മയിൽ നിന്നും, ഉപയോഗമില്ലായ്മയിൽ നിന്നും എടുത്തു ഉയർത്തി, തന്റെ എല്ലാ സമ്പത്തിനും അവകാശിയാക്കി, തന്റെ എല്ലാ നിറവുകൾക്കും ഓഹരിക്കാരാക്കി, തന്റെ എല്ലാ ശക്തിയും അധികാരവും പകർന്നു കൊടുത്തു. തന്റെ സ്വന്തം രാജ്യം സ്ഥാപിക്കുവാൻ ആക്കി വച്ചിരിക്കുന്നുവല്ലോ.

അതെ, തന്റെ തേജസും മഹത്വവും ധരിച്ച് തന്റെ രാജ്യത്തിന്റെ വ്യാപ്തിക്കായിട്ട് മുന്നോട്ടു പോകാമോ? ഇങ്ങനെയുള്ളൊരു കാലത്തിലാണ് നാം ആയിരിക്കുന്നത് എന്ന് വിശ്വസിക്കാൻ കഴിയുമോ?

സീയോൻ പുത്രിയേ, ഉണരുക, ഉണരുക, നിന്റെ ബലം ധരിക്ക, നിന്റെ മനോഹരവസ്ത്രം ധരിക്ക ഉണർന്ന് എഴുന്നേൽക്ക. സീയോൻ പുത്രിയേ, നിന്റെ കെട്ടുകളെ അഴിക്ക, അത്ഭുതകരമായൊരു അനുഭവം, അതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു,. " അരുണോദയംപോലെ ശോഭയും ചന്ദ്രനെപോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലയതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വം ഉള്ളോരിവൾ ആർ " (ഉത്ത. 6:10, യെശ. 52:1).

എസ്ഥേർ എഴുന്നേറ്റു, അതുപോലെ ഈ മഹാമാരിയുടെ കാലയളവിൽ ദൈവത്തിനുവേണ്ടി നമ്മെ ഒരുക്കിയിരിക്കുന്നു. അതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു. പൗലൊസ് എത്രമാത്രം ഒരുങ്ങിക്കൊണ്ടിരുന്നുവോ, അത്രത്തോളം വേലയ്ക്കുള്ള മുഖാന്തരങ്ങളും തുറുന്നുകൊണ്ടേയിരുന്നു. ഫിലിപ്പോസ് എത്രമാത്രം ആത്മാവിനെ അനുസരിച്ചുവോ, മരുഭൂമിയിലേയ്ക്ക് പോകാൻ തയ്യാറായോ, തന്റെ ശുശ്രൂഷ സ്വീകരിപ്പാൻ ഷണ്ഡനും പ്രത്യക്ഷപ്പെടുന്നു.

**നമ്മുടെ കാലത്തിന്റെ അടയാളങ്ങൾ**

ദൈവം നമ്മെ പഠിപ്പിക്കുന്നത്, ലോകത്തിന്റെ ഏതുകാലഘട്ടത്തിനും അതിന്റേതായ അടയാളമുണ്ട്. ദൈവം ഭൂമിയിൽ നടകൊണ്ടപ്പോൾ അവരെ കുറ്റപ്പെടുത്തുന്നത് അവർ കാലത്തിന്റെ ലക്ഷണങ്ങളെ അറിയുന്നില്ല എന്നാണ്. ഈ തലമുറയെക്കുറിച്ച് നാം അറിയണമെന്നും, ഈ കാലഘട്ടത്തെക്കുറിച്ച് അറിയണമെന്നും, ദാവീദിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടത്തിനൊത്തു നമ്മുടെ തലമുറയിൽ സേവചെയ്യണമെന്നും ദൈവം ആഗ്രഹിക്കുന്നു.

പരിശുദ്ധാത്മാവ് വാഗ്ദത്തം ചെയ്യപ്പെട്ടത് ആത്മാക്കളുടെ വിവേചനത്തിനു കൂടെയാണ്. ചുറ്റുപാടുകളെക്കുറിച്ച് നാം അറിയണം. നമ്മുടെ ഗുരുവായ യേശുവിന്റെ ചിന്ത നാം അറിയണം. ഈ കാലഘട്ടത്തിന്റെ വൈരുദ്ധ്യങ്ങളും അതിൽ നമുക്കുള്ള വേലയും നാം തിരിച്ചറിയേണ്ടതാണ്.

നമ്മുടെ സമയം എസ്ഥേരിനെപ്പോലെ, എഴുന്നേറ്റു പ്രവർത്തിപ്പാനുള്ള സമയമാണ്. പിശാച് യഹൂദന്റെ പ്രത്യാശയെ നശിപ്പിച്ചുകളയാനുള്ള തിരക്കിലാണ്. ഹാമാൻ അതിനുള്ള പ്രവർത്തനങ്ങൾ ഏകദേശം സജ്ജമാക്കി. മശിഹായുടെ ജനനത്തോടുള്ള ബന്ധത്തിലുള്ള വഴികളെ അടച്ച്, ലോകത്തിന്റെ വീണ്ടെടുപ്പിനെ തടയാൻ പിശാച് ശ്രമിക്കുന്നു.

ക്രിസ്തു ജഡത്തിൽ വെളിപ്പെടണം എന്നുള്ള ദൈവിക പദ്ധതിക്കെതിരായി പിശാച് ശക്തമായി പ്രവർത്തിക്കുന്നു. അത് ചില നിമിഷങ്ങളുടെ വിഷയമായിരുന്നു. സാത്താന് ചില ചിന്താഗതികളുണ്ടായിരുന്നു. അത് സൂത്രത്തിലും ക്രൂരമായും അവൻ അവതരിപ്പിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ സർവ്വജ്ഞാനത്താൽ എസ്ഥേരിന്റെ ജീവിതത്തെ ഒരു ഉപകരണമാക്കി സാത്താന്റെ പദ്ധതികളെ തകർക്കുകയാണ്.

അതുകൊണ്ട്, ഇന്ന്, സമയം ഏറെയില്ല എന്ന് തിരിച്ചറിഞ്ഞ് മറ്റ് ഏതൊരു കാലത്തെക്കാൾ പിശാച് ഉണർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വേദപുസ്തകത്തെയും സഭയെയും ഇല്ലായ്മ ചെയ്യുവാൻ അവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന്റെ ഇമ്പങ്ങ

(ശേഷം 8-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**ഞാൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ**

ളിലേയ്ക്ക് അവൻ സഭയെ തിരിച്ചുകൊണ്ടിരിക്കുന്നു. ശുശ്രൂഷകളെ, അതിന്റെ ലക്ഷ്യങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സഭയ്ക്കു വെളിയിൽ വിവിധങ്ങളായ പദ്ധതികൾ അവൻ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നു, പണത്തോടുള്ള ആർത്തി, രാഷ്ട്രീയ സ്വാധീനം, കണ്ണഞ്ചിപ്പിക്കുന്ന മോഹനവാഗ്ദാനങ്ങൾ നൽകി ആളുകളെ തെറ്റായ ലക്ഷ്യത്തിലേക്ക് ആകർഷിക്കുന്നു.

ക്രിസ്തു സഭയുടെ ആത്മിക അനുഭവങ്ങളെ നഷ്ടപ്പെടുത്തി, ഒരു പ്രകൃത്യാതീതനായ ക്രിസ്തുവിനെ അവതരിപ്പിച്ച് ക്രിസ്തീയ വിശ്വാസത്തെ ഇല്ലാതാക്കുവാൻ അവൻ ശ്രമിക്കുന്നു. അവനെ തിരിച്ചറിയുവാൻ ദൈവം നമ്മെ സഹായിക്കും. ദൈവരാജ്യത്തിലുള്ള വിശ്വാസം മുറുകെപിടിക്കുവാൻ അവിടുന്ന് നമ്മെ സഹായിക്കും. ആ വിശ്വാസത്തെയും, ശക്തിയെയും വിശുദ്ധിയെയും പ്രത്യാശയെയും മുറുകെപിടിക്കുവാൻ അവിടുന്ന് സഹായിക്കും. " അതുകൊണ്ട്, നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും, സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ " (എഫെ. 6:10-20).

**ദൈവത്തിന് അപരിചിതർ**

അതുപോലെ എസ്ഥേറിന്റെ കാലത്ത് ദൈവജനം കഷ്ടതയിലായിരുന്നു. ജനം നശിച്ചുകൊണ്ടിരിക്കയായിരുന്നു. നമുക്കു ചുറ്റും ഉള്ള ആളുകളും വലിയ അപകടാവസ്ഥയിലല്ലേ? അവർ യേശു ഇല്ലാതെ മരിക്കയല്ലേ. നമുക്കു ചുറ്റും പാർക്കുന്നവർ നമ്മുടെ ദൈവത്തിന് അപരിചിതർ അല്ലേ, ദൈവസ്നേഹം ഇല്ലാതെയല്ലേ അവർ മരിക്കുന്നത്.

ലോകത്തിന്റെ വിശാലതയിൽ ഓരോ നിമിഷവും ലക്ഷക്കണക്കിനാളുകളാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്, രക്ഷിക്കപ്പെടാതെ ന്യായവിധിയിലേക്ക് വീണു കൊണ്ടിരിക്കുന്നു, നമ്മുടെ സുകഭോഗങ്ങളിൻമേൽ അവരുടെ രക്തം വീഴുകയാണ്, അവരുടെ ശാപത്തിന്റെ ഇരുണ്ട നിഴൽ നമ്മുടെ സ്വാർത്ഥതയൂടെ പുരികങ്ങളിൽ പതിക്കുകയാണ്. അവരുടെ രക്ഷയ്ക്കായി നാം എഴുന്നേൽക്കേണ്ടതല്ലേ?

പ്രവാചകന്മാർ നോക്കിപ്പാർത്ത ആ കാലം ഇതല്ലേ? " രാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും" (മത്താ. 24:14). രക്ഷിക്കപ്പെടാത്തവൻ നിലവിളിക്കുന്നു. അവരുടെ വിളി കേൾക്കുന്നവൻ നമ്മെ നോക്കുന്നു. അതെ, നമുക്ക് ആ ശബ്ദം കേട്ട് പ്രതികരിക്കാം. പ്രിയസഹോദരാ, ഇങ്ങനെയുള്ളൊരു കാലത്തിലല്ലയോ നാം ജീവിക്കുന്നത്?

**ഈ യുഗത്തിന്റെ ഒടുവിലത്തെ സമയങ്ങളിൽ നാം ആയിരിക്കുന്നു.**

ദൈവം രാജ്യങ്ങളുടെ പാപങ്ങൾക്കെതിരെ കൈ നീട്ടിയിരിക്കുന്നു. ലോക ചരിത്രത്തിൽ സംഭവിച്ചുവന്നതുപോലെ ചില രാജ്യങ്ങളിലൂടെ വിശാലവീഥികൾ ദൈവം ഒരുക്കുന്നു. അതിലൂടെ അവിടുന്ന് എഴുന്നള്ളുന്നു. ബാഖാവൃക്ഷങ്ങളുടെ അഗ്രങ്ങളിൽ കൂടെ അണിനടക്കുന്ന ഒച്ചപോലെ കേൾക്കും; അപ്പോൾ വേഗത്തിൽ ചെല്ലുക; ഫെലിസ്ത്യസൈന്യത്തെ തോല്പിക്കാൻ യഹോവ നിനക്ക് മുമ്പായി പുറപ്പെട്ടിരിക്കുന്നു എന്ന് അരുളപ്പാടുണ്ടായി (2ശമു. 5:24).

പ്രിയ സഹോദരാ ഇങ്ങനെയുള്ളൊരു കാലത്തിലാണ് നാം ആയിരിക്കുന്നത്. ഈ കാലഘട്ടത്തിന്റെ അർത്ഥം ഗ്രഹിപ്പാനും, നമ്മുടെ പ്രവൃത്തിക്ക് ഫലം പ്രാപിപ്പാനും ഉണരുക, അവിടുത്തെ വേലക്കാരായ നാം ദൈവത്തോട് ചേർന്ന് ഒരുമിച്ചു നില്ക്കുക; ഇത് ഈ ക്രിസ്തീയ യുഗത്തിന്റെ ഒടുവിലത്തെ കൂട്ടായ്മകൾ ആയിരിക്കാം (2കൊരി. 6:1,2).

എസ്ഥേറിനെപ്പോലെ ഇതൊരു ദുരന്തകാലഘട്ടമാണ്. സകല മനുഷ്യരും കാലഘട്ടത്തെ സംബന്ധിച്ച് ബോധവാന്മാരാണ്. എന്തു സംഭവിക്കാൻ പോകുന്നു എന്ന് അവ നോക്കിപ്പാർക്കയാണ്. പ്രവചന പഠിതാക്കളും അതിനെക്കുറിച്ച് വ്യാഖ്യാനിക്കുന്നുണ്ട്; വിശുദ്ധ തിരുവെഴുത്തുകൾ അതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ നൽകുന്നുണ്ട്. " ഇതാ മണവാളൻ വരുന്നു, അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളി ഉണ്ടായി" (മത്താ. 25:6).

അതെ, ഇങ്ങനെയുള്ളൊരു കാലത്ത് ജീവിപ്പാൻ ലഭിച്ചത് ഒരു പദവിയാണ്. ചെവിക്കൊള്ളാനുള്ള മനസുമായി അനുസരണസ്വഭാവവുമായി, ഉയരത്തിലേയ്ക്ക് കണ്ണുള്ളവരായി, താഴ്മയുള്ളവരായി വിശുദ്ധമായ ഒരു നിശ്ചയമുള്ളവരായി കർത്താവിനോടു കൂടെ ജീവിക്ക എന്നത് ഒരു പദവി തന്നെയാണ്. മനുഷ്യപുത്രൻ എന്ന നിലയിൽ നമ്മുടെ കർത്താവ് നടകൊള്ളുകയാണ്, അവിടുന്ന് തന്റെ ദാസന്മാർക്ക് അധികാരം കൊടുക്കുന്നു. ഓരോരുത്തരിലും താൻ പ്രവർത്തിക്കുന്നു (മത്താ. 13:34). വാതിൽ കാവൽക്കാരനോട് ഉണർന്നിരിപ്പാനും പറയുന്നു.

കർത്താവിന്റെ വരവിൽ നമുക്ക് പ്രത്യാശയോടും സന്തോഷത്തോടും ജീവിച്ച് കാത്തിരുന്നതും ഇപ്പോൾ നമുക്കു ലഭിച്ചിരിക്കുന്നതുമായ അവസരത്തെ ശരിയായി നാം വിനിയോഗിക്കുന്നുണ്ടോ? അവിടുത്തെ വരവിനെ ബന്ധപ്പെടുത്തി ആയിരിക്കുന്നുവോ?

ആ വലിയ പ്രത്യാശയോടെ നമുക്ക് ആയിരിക്കാം. നമ്മുടെ ഉത്തരവാദിത്വത്തെയും അവസരത്തെയും കുറിച്ച് നമുക്ക് അഭിമാനിക്കാം. ആ ദിവസത്തിനായി കാത്തിരിക്കാം. ❖

( 4-ാം പേജിന്റെ തുടർച്ച)

**ശാശ്വത ഭുജങ്ങൾ**

മ്പോൾ ഒരു ശുശ്രൂഷകൻ ഇങ്ങനെ പ്രാർത്ഥിച്ചു, കർത്താവേ അങ്ങേയ്ക്കു നന്ദി, ഞങ്ങളുടെ സഹോദരൻ ഈ കല്ലറയുടെ ആഴങ്ങളിൽ ഇറങ്ങിയിരിക്കുന്നു. എന്നാൽ അവന് ഇനിയും ആഴങ്ങളിലേക്ക് പോകാൻ സാദ്ധ്യമല്ല. കാരണം കീഴെ അങ്ങയുടെ, ശാശ്വത ഭുജങ്ങലുണ്ടല്ലോ. ആസന്ന ഭാവിയിൽ അവൻ തേജസ്സോടെ ഉയിർക്കുന്ന ദിവസമുണ്ടല്ലോ. എല്ലാ വിശ്വാസികളെ സംബന്ധിച്ചിടത്തോളവും അത് സത്യമത്രേ. അതുകൊണ്ട് ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ. കീഴെ ശാശ്വതഭുജങ്ങളുണ്ട്.

❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975